പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1135

05/03/2020-ൽ മറുപടിക്ക്

## സ്കൂളുകളിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

**ചോദ്യം**

ശ്രീ. കെ.സുരേഷ് കുറുപ്പ്:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എൽ.പി., യുപി.,എച്ച്.എസ്, എച്ച്.എസ്.എസ്, എന്നീ വിഭാഗങ്ങളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൽ.പി/യു.പി/ എച്ച്.എസ്. എന്നീ വിഭാഗങ്ങളിലായി പുതിയതായി 8003 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അധികതസ്തിക ഉൾപ്പെടെ 8063 നിയമനങ്ങൾ നടന്നിട്ടുണ്ട്.

ഹയർ സെക്കന്ററി വിഭാഗത്തിൽ ആകെ 3540 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിൽ 1610 അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട്.

സർക്കാർ ഹയർ സെക്കന്ററി വിഭാഗത്തിൽ സംസ്ഥാനതലത്തിലാണ് നിയമനം നടത്തുന്നത്. പുതുതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.ടി സീനിയർ തസ്തികകളിലേക്ക് ക്വാളിഫൈഡ് ജൂനിയേഴ്സ് ഉള്ള സാഹചര്യത്തിൽ ടി അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം നൽകിയിട്ടുള്ളതും ക്വാളിഫൈഡ് ഇല്ലായെങ്കിൽ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികകളും എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളും എല്ലാം തന്നെയും നിയമന ശുപാർശക്കായി പി.എസ്.സി യിലേക്ക് നേരിട്ടുള്ള നിയമനത്തിനായും തസ്തികമാറ്റ നിയമനത്തിനായും റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളവയിൽ നിയമന ശുപാർശ ലഭിച്ച ഒഴിവുകളിൽ നിയമനം നടത്തപ്പെട്ടിട്ടുള്ളതും പൊതു സ്ഥലംമാറ്റത്തിൽ ഈ സ്കൂളുകളിൽ അദ്ധ്യാപകർ സ്ഥലംമാറ്റം മുഖേന നിയമിക്ക

| | |
|---|---|
| | പ്പെട്ടിട്ടുള്ളതുമാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 371 ലാബ് അസിസ്റ്റന്റുമാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ